മൂവാറ്റുപുഴ–കൂത്താട്ടുകുളം റോഡിന്റെ പണി

167 [1518] ശ്രീ. ജോണി നെല്ലൂർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൂവാറ്റുപുഴ–കൂത്താട്ടുകുളം റോഡിന്റെ 130 മുതൽ 500 വരെയുള്ള ഭാഗത്തിന്റെ പണി ഉടൻതന്നെ ആരംഭിക്കുവാനുള്ള നടപടി ഉണ്ടാകുമോയെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പണി എന്നത്തേക്ക് തുടങ്ങുവാൻ കഴിയുമെന്ന് പറയാമോ;

(സി) ഇത് ആരംഭിക്കുന്നതിന് എന്തെങ്കിലും തടസ്സമുണ്ടോ; എങ്കിൽ എന്താണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ ആൻറ് ബി) പ്രസ്തുത റോഡിന്റെ 130 മുതലുള്ള 500 മീറ്റർ നീളവും പാലക്കുഴ മുതൽ കൂത്താട്ടുകുളം വരെയുള്ള 3730 മീറ്റർ റീച്ചും ഒന്നാംഘട്ടമായി 15 മീറ്റർ വീതിയിൽ ഏറ്റെടുത്ത് പണി ആരംഭിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. ഇതിലേക്കായി അലൈൻമെൻറ് പ്ലാൻ ഉണ്ടാക്കി അംഗീകരിക്കേണ്ടതുണ്ട്. ഭരണാനുമതിയും പ്രത്യേകാനുമതിയും ലഭിക്കുന്ന മുറയ്ക്ക് പണി ഏറ്റെടുക്കുന്നതാണ്.

(സി) ഇല്ല.

പടിഞ്ഞാറെ കല്ലട-വെട്ടിയത്തോട് പാലം പണി

168 [1519] ശ്രീ. കോവൂർ കുഞ്ഞുമോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലയിലെ കുന്നത്തൂർ താലൂക്ക് പടിഞ്ഞാറെ കല്ലട പഞ്ചായത്തിൽ വെട്ടിയത്തോട് പാലത്തിന്റെ നിർമ്മാണ പുരോഗതി ഏതു വരെയായി എന്ന് വ്യക്തമാക്കാമോ;

(ബി) പാലത്തിന്റെ പണി ആരംഭിച്ചുവോ;

(സി) ഇല്ലെങ്കിൽ എത്രയും പെട്ടെന്ന് പാലം പണി തുടങ്ങുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) വെട്ടിയത്തോട് പാലത്തിന്റെ പണിക്ക് വേണ്ടിയുള്ള നടപടിക്രമങ്ങൾ ആരംഭിച്ചിട്ടില്ല.

(ബി) ഇല്ല.

(സി) നടപടിക്രമങ്ങൾ പൂർത്തിയാകുന്ന മുറയ്ക്ക് മാത്രമേ പാലം പണി തുടങ്ങുവാൻ സാധിക്കുകയുള്ളൂ.

കുളപ്പുള്ളി–എലിയപ്പറ റോഡ്

169 [1520] ശ്രീ. വി. സി. കബീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലത്തെ കുളപ്പുള്ളി–ചളവറ–എലിയപ്പറ റോഡ് പുനർനിർമ്മിച്ച് ഗതാഗതിപ്പെടുത്തുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) എങ്കിൽ നിർമ്മാണത്തിനാവശ്യമായ ഫണ്ട് ഏത് ഏജൻസിയിൽ നിന്നാണ് ലഭിക്കുന്നതെന്നും അത് എത്ര രൂപയാണെന്നും വ്യക്തമാക്കാമോ;

(സി) ഈ റോഡിന്റെ നിർമ്മാണം എന്ന് ആരംഭിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി ആൻഡ് സി) നബാർഡിൽനിന്നും ധനസഹായം ലഭ്യമാക്കുവാനാണ് ശ്രമിച്ചുവരുന്നത്. 200 ലക്ഷം രൂപയുടെ എസ്റ്റിമേറും പ്രോജക്ട് റിപ്പോർട്ടും RIDF X-ൽ ഉൾപ്പെടുത്തി നബാർഡിലേക്കു സമർപ്പിച്ചിട്ടുണ്ട്. ധനസഹായം ലഭ്യമാകുന്ന മുറയ്ക്ക് ബാക്കി നടപടിക്രമങ്ങൾ പൂർത്തിയാക്കി പണി ആരംഭിക്കുന്നതാണ്.

അരീക്കോട് ബൈപ്പാസ് റോഡ് നിർമ്മാണം

170 [1521] ശ്രീ. ഇസ്ഹാക് കുരിക്കൾ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ:

(എ) മഞ്ചേരി മണ്ഡലത്തിലെ അരീക്കോട് ബൈപ്പാസ് റോഡ് നിർമ്മിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിന് സ്ഥലം ഏറ്റെടുക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി ആൻഡ് സി) സ്ഥലം ഏറ്റെടുക്കുന്നതുൾപ്പെടെയുള്ള പ്രവൃത്തിക്കുള്ള 1183 ലക്ഷം രൂപയുടെ റഫ് കോസ്റ്റ് എസ്റ്റിമേറ് തയ്യാറാക്കി പരിശോധിച്ചു വരുന്നു.

കടപ്രവീയപുരം-ഹരിപ്പാട് ലിങ്ക് ഹൈവേയുടെ നിർമ്മാണ പ്രവർത്തനങ്ങൾ

171 [1522] ശ്രീമതി എലിസബത്ത് മാമ്മൻ മത്തായി:
ശ്രീ. തോമസ് ഉണ്ണിയാടൻ:
,, സ്റ്റീഫൻ ജോർജ്:
,, ജോസഫ് എം. പുതുശ്ശേരി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ:

(എ) കടപ്രവീയപുരം-ഹരിപ്പാട് ലിങ്ക് ഹൈവേയുടെ നിർമ്മാണ പ്രവർത്തനങ്ങൾ ഇപ്പോൾ ഏത് ഘട്ടത്തിലാണ്;

(ബി) ദീർഘകാലമായി ഈ റോഡിന്റെ പണികൾ മുടങ്ങുവാനുണ്ടായ സാഹചര്യമെന്താണെന്ന് വിശദമാക്കാമോ;

(സി) ഈ ജോലികൾ അടിയന്തിരമായി ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly